മലയാള മനോരമ
05 August 2023

# 220 മത്സ്യഗ്രാമങ്ങളിൽ കൃത്രിമ പാര് നിക്ഷേപിക്കും

**പദ്ധതി ചെലവിന്റെ 60% കേന്ദ്രവും 40% സംസ്ഥാന സർക്കാരുകളും വഹിക്കും**

കൊച്ചി● രാജ്യത്ത് 3477 മത്സ്യഗ്രാമങ്ങളിൽ കടലിൽ കൃത്രിമ പാര് (ആർട്ടിഫിഷ്യൽ റീഫ്) നിക്ഷേപിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ കേരളത്തിലെ 220 മത്സ്യഗ്രാമങ്ങളും. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 42 ഗ്രാമങ്ങളിൽ നടപ്പാക്കും. പദ്ധതിക്കു സാങ്കേതിക സഹായം നൽകുന്നതു സിഎംഫ്ആർഐ ആണ്.

കൃത്രിമ പാരുകൾ കടലിൽ നിക്ഷേപിക്കുന്നതു സസ്യ, ജീവജാലങ്ങൾ തഴച്ചു വളരാനും മീനുകൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ ഒരുക്കാനും സഹായകമാണ്. പദ്ധതി ചെലവിന്റെ 60% കേന്ദ്രവും 40% സംസ്ഥാന സർക്കാരുകളും വഹിക്കും. ബോധവൽക്കരണ പരിപാടികൾക്കു കേരളത്തിൽ തുടക്കമായി. സംസ്ഥാനത്തു പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ തിരുവനന്തപുരം ജില്ലയിലെ അഞ്ചിടങ്ങളിൽ ശിൽപശാല സംഘടിപ്പിച്ചു. മത്സ്യത്തൊഴിലാളികൾക്കു പരിശീലനവും സാങ്കേതിക നിർദേശവും നൽകുന്നതിന്റെ ചുമതല സിഎംഎഫ്ആർഐക്കാണ്.



കൃത്രിമപാര് (ഫയൽ ചിത്രം).

കടലിൽ നന്നായി ഇണങ്ങിച്ചേർന്ന കൃത്രിമപാരുകളിൽ മുന്നൂറിലധികം മത്സ്യയിനങ്ങൾ വന്നുചേരുമെന്ന് ഈ മേഖലയിൽ പഠനം നടത്തുന്ന സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോ കിഴക്കൂടൻ പറഞ്ഞു.

സിഎംഎഫ്ആർഐയുടെ മേൽനോട്ടത്തിൽ കേരളത്തിലൂടെ കൃത്രിമ പാരുകൾ നിക്ഷേപിച്ച 132 ഇടങ്ങളിൽ 17 - 30% മത്സ്യോൽപാദനം കൂടിയെന്നാണു സിഎംഎഫ്ആർഐയുടെ കണ്ടെത്തൽ. പാരുകളുടെ സ്ഥലനിർണയം, മാതൃക, നിർമാണം, നിക്ഷേപം, ആഘാതപഠനം എന്നിവയ്ക്കുള്ള പ്രോട്ടോക്കോൾ സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ടെന്നു ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. എല്ലാ തീര സംസ്ഥാനങ്ങളിലും ഈ മാസം അവസാനത്തോടെ ബോധവൽക്കരണ ശിൽപശാലകൾ പൂർത്തിയാക്കും.